"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം - 2025-26 - പോലീസ് വകുപ്പിന്റെ മെസ് നടത്തിപ്പിനായി മെസ് ഗ്രാന്റ് അനുവദിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4387/2025/HOME തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:- 1) 14.10.2025 ലെ സ.ഉ. (സാധാ) നം.3500/2025/ആഭ്യന്തരം.

2) സംസ്ഥാന പോലീസ് മേധാവിയുടെ 26.11.2025 തീയതിയിലെ യു2-136627/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോൽസവത്തിനോട് അനുബന്ധിച്ച് സന്നിധാനം, പമ്പ നിലക്കൽ, എരുമേലി & മണിയാർ, പുല്ലുമേട് എന്നിവിടങ്ങളിലെ പോലീസ് മെസ്സുകളുടെ നടത്തിപ്പിനായി ഒരു ദിവസത്തെ ഭക്ഷണ ചെലവായി ഒരാൾക്ക് 75/- രൂപ നിരക്കിൽ മൂന്ന് കോടി രൂപ മെസ്സ് ഗ്രാന്റ് അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രതിദിനം 75/-രൂപ അനുവദിച്ചിട്ടുള്ളത് 90/-രൂപയാക്കി വർദ്ധിപ്പിക്കണമെന്നും പോലീസ് മെസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വേണ്ടി, നടപ്പ് സീസണിലേക്ക് മെസ് ഗ്രാന്റായി അനുവദിച്ചിട്ടുള്ള 3 കോടി രൂപയ്ക്കു പകരം 4 കോടി രൂപ 2055-00- 109- 99 - 34 other charges-3 other items (NV) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും പരാമർശം (2) കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി നൽകുന്ന തുകയിൽ ചെലവുകൾ നിജപ്പെടുത്തണം എന്നും, ശബരിമല പോലീസ് മെസ്സ് നടത്തിപ്പിന് ഇപ്പോൾ അനുവദിയ്ക്കുന്ന തുകയ്ക്ക് ഉപരിയായ ചെലവുകൾ അംഗീകരിക്കുന്നതല്ല എന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി, ഒരു വർഷത്തിനിടെ ഉണ്ടായ വിലക്കയറ്റം കൂടി കണക്കിലെടുത്ത് കൊണ്ട്, കഴിഞ്ഞ വർഷത്തിൽ നിന്നും 15% വർദ്ധനവ് നൽകി, 2025-26 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോൽസവത്തിനോടനുബന്ധിച്ച് സന്നിധാനം, പമ്പ നിലക്കൽ, എരുമേലി & മണിയാർ, പുല്ലുമേട് എന്നിവിടങ്ങളിൽ പോലീസ് മെസ് നടത്തുന്നതിന് ഒരു ദിവസത്തെ ഭക്ഷണ ചെലവായി ഒരാൾക്ക് 84/- രൂപ നിരക്കിൽ 4.3 ലക്ഷം ആളുകൾക്ക്, 3,61,20,000/-രൂപ (മൂന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) 2055-00-109-99-00-34-03 NV എന്ന ശീർഷകത്തിൽ നിന്ന് മെസ്സ് ഗ്രാന്റ് ആയി അനുവദിക്കുന്നതിന് പുതുക്കിയ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (15.12.2025 ലെ (ഇ-3273975) വ്യയം-എ3/408/2025-ധന പ്രകാരം).

ഡയറക്ടർ, ഐ & പിആർഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

Date: 17-12-2025 21:26:33

സെക്ഷൻ ഓഫീസർ